മത്സ്യസംസ്ക്കരണ രംഗത്തെ പുതിയ പദ്ധതികൾ

3 (3642) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യസംസ്കരണ രംഗത്ത് പുതുതായി എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ബി) ജനകീയ മത്സ്യകൃഷിയുടെ വികസനത്തോടൊപ്പം അവയ്ക്ക് കൂടുതൽ മാർക്കറ്റ് കണ്ടെത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) മൊബൈൽ മത്സ്യവിപണന രീതി വിജയകരമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്. തൊഴിൽരഹിതരായ ചെറുപ്പക്കാർ ഒറ്റയ്ക്കും കൂട്ടായും ആട്ടോ കാരിയർ, ടൂ-വീലർ മുതലായവയിൽ മത്സ്യം ശേഖരിച്ച് ഹൗസിംഗ് കോളനികൾ കേന്ദ്രീകരിച്ച് മത്സ്യവിൽപ്പന നടത്തി വരുന്നു. പച്ച മത്സ്യം ഡ്രസ്സ് ചെയ്ത് പോളിത്തീൻ പായ്ക്കറ്റുകളിലാക്കി വീടുകളിലെത്തിക്കുന്ന സംവിധാനവും നടന്നു വരുന്നു. കൂടാതെ, ലാന്റിംഗ് സെന്ററുകളിൽ നിന്നും ശേഖരിക്കുന്ന മത്സ്യം, മത്സ്യഫെഡിന്റെ വനിതാ ബസ്സുകളിൽ വിവിധ കേന്ദ്രത്തിൽ വച്ചും അവിടെനിന്നും തലച്ചുമടായി വീടുകളിലെത്തിച്ചും മത്സ്യ വിപണനം നടത്തി വരുന്നു.

ട്രോളിംഗ് നിരോധനം

4 (3643) ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൺസൂൺ കാലത്ത് ട്രോളിംഗ് നിരോധിച്ചിട്ടുണ്ടോ; എങ്കിൽ എന്നു മുതൽ ;

(ബി) ട്രോളിംഗ് മൂലം മത്സ്യബന്ധനത്തിൽ കുറവ് വരുന്നു എന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) ട്രോളിംഗ് നിരോധനം നിലവിലുണ്ടെങ്കിലും ഈ സമയങ്ങളിൽ തന്നെ ആഴക്കടൽ മത്സ്യബന്ധനം നടക്കുന്നതുകൊണ്ട് മത്സ്യ സമ്പത്ത് ശോഷിച്ചുപോകുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തു നടപടി കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നു എന്നറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly